LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ചാലക്കുടി മണ്ഡലത്തിലെ പുതുരുത്തി ചെക്ക് ഡാമിന്റെ എസ്റ്റിമേറ്റ് 2014 ഡി.എസ്.ആർ. പ്രകാരം തയ്യാറാക്കിവരുന്നു. തട്ടുപാറ തടയണയുടെ നിർമ്മാണം 37.5% പൂർത്തിയായി എന്നാൽ തുടർച്ചയായ നിർദ്ദേശങ്ങൾക്കുശേഷവും കരാറുകാരൻ ശ്രീ. പി. കെ. മോഹനൻ പ്രവൃത്തി പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കാത്തതുകൊണ്ട് നഷ്ടോത്തരവാദിത്വത്തിൽ കരാർ റദ്ദ് ചെയ്തിട്ടുണ്ട്. തട്ടുപാറ തടയണയുടെ ബാക്കിയുള്ള പണികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ദർഘാസ് നടപടികൾ പൂർത്തീകരിക്കേണ്ടതായുണ്ട്. തടസ്സങ്ങൾ നീക്കി നിർമ്മാണം പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

തൃശ്ശൂർ ജില്ലയിലെ മുളയം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

193 (858) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃശ്ശൂർ ജില്ലയിലെ മുളയം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് ടെക്നിക്കൽ സാംഗ്ഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

തൃശ്ശൂർ ജില്ലയിലെ മുളയം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് സാങ്കേതികാനുമതിക്കുള്ള പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ (ഐ&എ)-നിന്നും ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ഗുണഭോക്തൃ സമിതികളുടെ ചെറുകിട ജലവിതരണ പദ്ധതികൾക്കുള്ള ധനസഹായം

194 (859) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുണഭോക്തൃ സമിതികളുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് എത്ര ചെറുകിട ജലവിതരണ പദ്ധതികൾ നടത്തുന്നുണ്ട് എന്ന് വിശദമാക്കുമോ ;

(ബി) അവർക്ക് ഓപ്പറേറ്റിംഗ്, മെയിന്റനൻസ് ഇനത്തിൽ എന്തെങ്കിലും സഹായം ജലനിധിയോ, വാട്ടർ അതോറിറ്റിയോ ചെയ്ത് കൊടുക്കുന്നുണ്ടോ ;

(സി) എങ്കിൽ ഗുണഭോക്തൃ സമിതികൾ (B. G.) മുഖേന നടത്തുന്ന ജലവിതരണ പദ്ധതികൾക്ക് വാർഷിക അടിസ്ഥാനത്തിൽ എന്തെങ്കിലും ധനസഹായം നൽകുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ജലനിധി ഒന്നാം ഘട്ടത്തിൽ 112 ഗ്രാമപഞ്ചായത്തുകളിലായി 3710 ചെറുകിട പദ്ധതികളും രണ്ടാംഘട്ടത്തിൽ ഇതുവരെ വിവിധ ഗ്രാമപഞ്ചായത്തുകളിലായി 145 പദ്ധതികളും പൂർത്തീകരിച്ച് ഗുണഭോക്തൃ സമിതികൾക്ക് നടത്തിപ്പിനായി കൈമാറിയിട്ടുണ്ട്.

(ബി) ജലനിധി ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയിട്ടുള്ള പദ്ധതികളുടെ നടത്തിപ്പിനും പരിപാലനത്തിനും ആവശ്യമായിവരുന്ന തുക ഗുണഭോക്താക്കളിൽനിന്നും പിരിച്ചെടുത്താണ് സമിതികൾ, ജലവിതരണം നടത്തിവരുന്നത്. ജലനിധി II പദ്ധതിപ്രകാരം, ഗുണഭോക്തൃ സമിതികളുടെ നേതൃത്വത്തിൽ, കേരള വാട്ടർ അതോറിറ്റി പദ്ധതികളിൽനിന്ന് ബൾക്ക് സപ്ലൈയായി ജലം വാങ്ങി വിതരണം നടത്തുന്ന പദ്ധതികളിൽ കേരള വാട്ടർ അതോറിറ്റിയുടെ വിതരണ ശൃംഖല പ്രസ്തുത പഞ്ചായത്തിലെ ഗുണഭോക്തൃ സമിതികൾക്ക് കൈമാറുന്നതാണ്. കൈമാറിക്കഴിഞ്ഞാൽ 5 മാസം വരെ ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് പ്രവൃത്തികൾ കേരള വാട്ടർ അതോറിറ്റിയാണ് ചെയ്യേണ്ടത്.

(സി) ഇപ്പോൾ പരിഗണിക്കാവുന്നതല്ല.

കുട്ടനാട് പാക്കേജിൽ ഉൾപ്പെട്ട പുറം ബണ്ട് നിർമ്മാണം

195 (860) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കുട്ടനാട് പാക്കേജിൽ ഉൾപ്പെട്ട മംഗലം, മാണിക്യമംഗലം, രാജരാമപുരം, മാർത്താണ്ഡം എന്നീ കായൽ പാടശേഖരങ്ങളിലെ പുറം ബണ്ട് നിർമ്മാണത്തിന് നാളിതു വരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

കുട്ടനാട് പാക്കേജിൽ ഉൾപ്പെട്ട മംഗലം, മാണിക്യമംഗലം, രാജരാമപുരം, മാർത്താണ്ഡം എന്നീ കായൽ പാടശേഖരങ്ങളുടെ പുറം ബണ്ട് നിർമ്മാണത്തിനായുള്ള പ്രവർത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു

കൊളക്കാട് -കൊടിച്ചിപ്പാറ- നീർപ്പാലം

196 (861) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി ജലസേചന പദ്ധതിയുടെ കീഴിൽ നിർമ്മിച്ച കൊളക്കാട്-കൊടിച്ചിപ്പാറയിൽ നീർപ്പാലം-കൊളക്കാട്-മൂന്നാർ കയ്യിൽ-ചീക്കിലോട് റോഡിന് കുറുകെ ആയതിനാൽ ഗതാഗത തടസ്സം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly